**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 291** **07-10-2024 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിൽ അടഞ്ഞു കിടക്കുന്ന റേഷൻ കടകൾ തുറക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിൽ അടഞ്ഞു കിടക്കുന്ന റേഷൻ കടകൾ തുറക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കുട്ടനാട് താലൂക്കിൽ സ്ഥിരമായും താൽക്കാലികവുമായി റദ്ദ് ചെയ്യപ്പെട്ടിട്ടുള്ള റേഷൻ കടകൾ ജനങ്ങൾക്ക് സൗകര്യപ്രദമായ വിധത്തിൽ മറ്റു കടകളുമായി സംയോജിപ്പിച്ചും സബ് ഡിപ്പോയായും പ്രവർത്തിച്ചുവരുന്നു. സ്ഥിരമായി റദ്ദു ചെയ്യപ്പെട്ടിട്ടുള്ള റേഷൻ കടകൾക്ക് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | റേഷൻ കടകൾ വഴി കൂടുതൽ ഭക്ഷ്യോൽപ്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | NFSA, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയ ശേഷം ഓരോ വിഭാഗത്തിനും കേന്ദ്രസർക്കാർ അനുവദിച്ച് തരുന്ന ഭക്ഷ്യധാന്യമാണ് ഓരോ ഇനം കാർഡുകാർക്കും പ്രതിമാസം വിതരണം ചെയ്ത് വരുന്നത്. ടി ഭക്ഷ്യധാന്യ വിഹിതം കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ച് നൽകിയാൽ മാത്രമേ നിലവിൽ വിതരണം ചെയ്യുന്ന റേഷൻ വിതരണതോത് വർദ്ധിപ്പിച്ച് നൽകുവാൻ സാധിക്കുകയുള്ളൂ.<br><br>തെരഞ്ഞെടുക്കപ്പെട്ട റേഷൻ കടകളെ കെ-സ്റ്റോർ ആയി ഉയർത്തി ടി കടകൾ വഴി കൂടുതൽ ഉല്പന്നങ്ങളും സേവനങ്ങളും ഉപഭോക്താക്കൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ